**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 695** **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | സഹകരണ വകുപ്പിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. 1. കെയർ കേരള പദ്ധതി കെയർ കേരള ഒന്നാം പദ്ധതിയിൽ ഉൾപ്പെടുത്തി, പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ച് കൊടുക്കുകയും, രണ്ടാം ഘട്ടത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ നിർമ്മിച്ച ഫ്ലാറ്റ് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഫ്ലാറ്റ് നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ തുടർന്നു വരുന്നു. 2. നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കുടിശ്ശിക വായ്പകൾ വിവിധ ഇളവുകളോടെ തീർപ്പാക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വായ്പാ ഒത്ത് തീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. 3. മുറ്റത്തെമുല്ല സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് "മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കി വരുന്നു. 4. റീസർജന്റ് കേരള ലോൺ സ്കീം (RKLS) കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ |

പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കിയത്. 5. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM’s Helping Hand Loan Scheme- CMHLS) കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2000/-കോടി രൂപയുടെ വായ്പാപദ്ധതിയായ “മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM’s Helping Hand Loan Scheme- CMHLS)” കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള ബാങ്കിന്റെ ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. 6. Special Liquidity Facility (SLF) വിനിയോഗം കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും സജീവമായി നിലനിർത്തുന്നതിനായും, ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായി ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുള്ള വായ്പയായും കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്ന- “സുഭിക്ഷ കേരളം” പദ്ധതിയ്ക്ക് വേണ്ടിയും Special Liquidity Facility (SLF) എന്ന പേരിൽ നബാർഡ് അനുവദിച്ച ധനസഹായം വിനിയോഗിച്ചിട്ടുണ്ട്. KSCB ശാഖകൾ വഴിയും മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ പ്രാഥമിക

കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത് . 7. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ആരോഗ്യ കാര്യങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക, ആംബുലൻസ് സർവ്വീസ് എത്തിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പോഷകാഹാരങ്ങൾ നൽകുക എന്നിവ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ സംരക്ഷണ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8. ഹരിതം സഹകരണം പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ "ഹരിതം സഹകരണം" പദ്ധതിയിലൂടെ 1 വർഷം 1 ലക്ഷം ഫലവൃക്ഷതൈകൾ എന്ന കണക്കിന് 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷതൈകൾ സഹകരണ സ്ഥനപനങ്ങളുടെ നേതൃത്വത്തിൽ വച്ചു പിടിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു.  ആയതിൽ നടപടി പുരോഗമിച്ചുവരുന്നു. 9. സുഭിക്ഷ കേരളം ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതിയിലൂടെ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പാ ധനസഹായം ലഭ്യമാക്കുക, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പ ലഭ്യത ഉറപ്പുവരുത്തുക, കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് വായ്പ ഉറപ്പുവരുത്തുക, കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നീ പരിപാടികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും ആവശ്യമായ വായ്പകളും, വിത്ത്, വളം, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ  എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായവും സഹകരണ സംഘങ്ങൾ വഴി ലഭ്യമാക്കുന്നു. 10. അംഗസമാശ്വാസ നിധിയിൽ (Member Relief Fund) നിന്നുള്ള ധനസഹായം സഹകരണ സംഘങ്ങളിലെ അംഗങ്ങളായവരിൽ മാരകരോഗം ബാധിച്ചവർക്ക്/ ആശ്രിതർക്കായി ആകെ 11194 പേർക്ക് 23.941 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 11060 ഗുണഭോക്താക്കൾക്കായി 22.935 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 11. പാലക്കാട്

| | | | |
|---|---|---|---|
| | | | പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) സഹകരണ മേഖലയിൽ, PAPCOS എന്ന ബ്രാന്റിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കുന്നതിനായി പാലക്കാട് ജില്ലയിലെ 30 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സഹകരണ വകുപ്പ്, സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ